ഉത്തരം

(എ) മാട്ടിസ്റേറ്റ് കാഷ്യൂ പ്രോജക്ട് പ്രദേശത്ത് പുതുതായി കശുമാവു കൃഷി നടത്തുന്നതിന് ഹെക്ടറിന് 900 രൂപ സബ്സിഡി ഇനത്തിൽ നൽകുന്നു.

(ബി) 62.622 ലക്ഷം രൂപ

(സി) 142138 ഹെക്ടർ

കോൾ പ്രദേശങ്ങളിൽ വെള്ളം വറ്റിക്കുന്നതിന് ചെലവഴിച്ച തുക

1270. [1908] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോൾ പ്രദേശങ്ങളിലെ വെള്ളം വറ്റിക്കുന്നതിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഇനത്തിൽ ചെലവഴിച്ച തുക എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെയും, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലേയും കോൾ കർഷകർക്ക് വെള്ളം വറ്റിച്ച് നെൽകൃഷി ചെയ്യുന്നതിന് പമ്പിംഗ് സബ്സിഡിയായി ഒരുകോടി അറുപത്തിരണ്ടു ലക്ഷത്തി നാൽപത്തി മൂവായിരത്തി അറുനൂറ്റി അൻപത്തിയേഴു രൂപ മുപ്പത്തിആറ് പൈസ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്.

നെൽകൃഷിക്കാർക്കു നൽകിയ രാസവളങ്ങൾ

1271. [1910] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെൽകൃഷിക്ക് കൂടുതൽ ചെലവു വരുന്ന കുട്ടനാട്ടിലേയും കോൾ പ്രദേശത്തേയും കൃഷിക്കാർക്കു 1982-83, 1983-84, 1984-85, 1985-86, 1986-87 എന്നീ ഓരോ വർഷങ്ങളിലും എത്ര രൂപയുടെ രാസവളങ്ങൾ നൽകിയിട്ടുണ്ട് ?

ഉത്തരം

1982-83	18.04	കോടി രൂപ
1983-84	21.44	,,
1984-85	20.81	,,
1985-86	23.51	,,
1986-87	11.85	,,

രൂപയുടേയും രാസവളങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly